പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 266 — 19/02/2016 ൽ മറുപടിയ്ക്ക്

## വില്ലേജ് അതിർത്തിയ്ക്കുള്ളിൽ പോക്കുവരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് അതിർത്തിക്കുള്ളിൽ പോക്കുവരവ് ചെയ്യുമ്പോൾ ഒരു റീ-സർവ്വേ സബ് ഡിവിഷനിൽ അപേക്ഷകർക്ക് ഒന്നൊന്നായി ആധാര പ്രകാരമുള്ള വിസ്തീർണ്ണം പോക്കുവരവ് ചെയ്തതിനു ശേഷം ആ സബ് - ഡിവിഷനിലെ അവസാനത്തെ അപേക്ഷകന് പോക്കുവരവ് ചെയ്തു നൽകാൻ വസ്തു ഇല്ലാതെ വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) ഇത്തരം കേസുകളിൽ, വില്ലേജ് റിക്കാർഡുകൾ പ്രകാരം ബന്ധപ്പെട്ട സർവ്വേ നമ്പരിലുള്ള ആകെ വിസ്തീർണ്ണം, ഓരോരുടെയും കൈവശത്തിലും ആധാരത്തിലുമുള്ള വിസ്തീർണ്ണം എന്നിവ പ്രത്യേകം തിട്ടപ്പെടുത്തി എല്ലാ കക്ഷികളേയും നേരിൽ കേട്ട ശേഷം തെറ്റായി പോക്കുവരവ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത്, റീസർവ്വേ റിക്കാർഡുകളുടെയും കൈവശത്തിന്റെയും അടിസ്ഥാനത്തിൽ റിക്കാർഡുകൾ തയ്യാറാക്കി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ